| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പത്താം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1106 | 20.01.2014 ൽ മറുപടിക്ക് |
| ഹയർസെക്കൻഡറി വിഭാഗത്തിന് പുതിയ മൂന്ന് മേഖലാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ | |

| | ചോദ്യം. | ഉത്തരം |
|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർസെക്കൻഡറി വിഭാഗത്തിന് പുതിയ മൂന്ന് മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലായി എന്ന് വിശദാംശം ലഭ്യമാക്കുമോ; | കോട്ടയം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ഓഫീസുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. ഇവയിൽ മലപ്പുറം മേഖലാ ഓഫീസിന്റെ ഉൽഘാടനം 17.01.2014ന് നടന്നു കഴിഞ്ഞു. മറ്റ് രണ്ട് ഓഫീസുകളുടെയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | കോഴിക്കോട് മേഖലാ കേന്ദ്രത്തെപ്പറ്റി എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ എന്നും എങ്കിൽ എന്തൊക്കെയാണ് പരാതി എന്നും വ്യക്തമാക്കുമോ; | ഉണ്ട്. സമയബന്ധിതമായി ഫയൽ തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നും സന്ദർശകരോട് അപമര്യാദയായി പെരുമാറുന്നു എന്നുമാണ് പരാതി. |
| (സി) | ഇവിടെ വിജിലൻസ് പരിശോധന നടന്നിരുന്നോ എന്നും എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് കണ്ടെത്തിയത് എന്നും വ്യക്തമാക്കുമോ; | വിജിലൻസ് പരിശോധന നടന്നിരുന്നു. പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) | 'സേവനാവകാശനിയമം' ഈ ഓഫീസിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ഈ ഓഫീസിൽ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | ബാധകമാണ്. പ്രസ്തുത നിയമത്തിൻ കീഴിൽ ഓഫീസിലെ എല്ലാ സേവനങ്ങളും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (ഇ) | 2013 മെയ് മുതൽ അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ നിയമന അംഗീകാരത്തിനായി കോഴിക്കോട് ആർ.ഡി.ഡി. യിൽ എത്ര അപേക്ഷ കൾ ലഭിച്ചു എന്ന് സ്കൂൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ഇ, എഫ്, ജി)<br><br>വിവരം ശേഖരിച്ചു വരുന്നു, |
| (എഫ്) | ഈ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിച്ചു എന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ; | |
| (ജി) | 2013 മെയ് മുതൽ ലഭിച്ച അപേക്ഷ കളിൽ നവംബർ 30വരെ ഒരു നടപടി യും സ്വീകരിക്കാത്ത അദ്ധ്യാപക രുടെയോ ലാബ് അസിസ്റ്റന്റിന്റെയോ ഏതെങ്കിലും അപേക്ഷയുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ആരുടെയൊ ക്കെയാണെന്നും ഇതിന് കാരണമെ ന്താണെന്നും വ്യക്തമാക്കുമോ; ഇതു മായി ബന്ധപ്പെട്ട് എന്തെങ്കിലും കത്തി ടപാടുകൾ നടത്തിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ